ഉത്തരം

(എ) 2013-14-ലെ ബഡ്ജറ്റിൽ 960.19 ലക്ഷം രൂപ വകയിരുത്തുകയും, 788.27 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2014-15 ബഡ്ജറ്റിൽ 1700 ലക്ഷം രൂപ വകയിരുത്തുകയും 928.53 ലക്ഷം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ആലത്തൂർ എരിമയൂർ കണ്ടുകാട് കോളനിയിലെ പദ്ധതി പ്രവർത്തനം

233 (3669) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംപര്യാപ്ത ഗ്രാമമായി തെരഞ്ഞെടുത്ത എരിമയൂർ പഞ്ചായത്തിലെ കണ്ടുകാട് കോളനിയിലെ പദ്ധതി പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുവരെ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത് ;

(സി) ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കുവാനുള്ളത് ;

(ഡി) സമഗ്ര വികസന പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും ;

(ഇ) പദ്ധതി നിർവ്വഹണ ഏജൻസിയുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. 65 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) റീറ്റെയിനിംഗ് വാൾ നിർമ്മാണം - 230 മീറ്റർ, ഭവന പുനരുദ്ധാരണം (പ്ലാസ്റ്ററിംഗ്) - 28 എണ്ണം, കോൺക്രീറ്റ് റീറ്റെയിനിംഗ് വാൾ - 123 മീറ്റർ, വാട്ടർ ടാങ്ക് നിർമ്മാണം - 20,000 ലിറ്റർ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) കുടിവെള്ള പദ്ധതിയാണ് ഇനി പൂർത്തികരിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജലസ്രോതസ്സ് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തികരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഇല്ല. ജലസ്രോതസ്സ് ലഭ്യമല്ലാത്തതിനാൽ പണിയുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. ഭൂഗർഭജല വകുപ്പുമായി ബന്ധപ്പെട്ട് ജലസ്രോതസ്സ് തീരുമാനിക്കുന്നതിനാവശ്യമായ നടപടികൾ നിർവ്വഹണ ഏജൻസി സ്വീകരിച്ചുവരുന്നു.

(എഫ്) ബാധകമല്ല.

ചാലക്കുടി വി.ആർ.പുരം ഗവൺമെന്റ് ഐ.ടി.ഐ.- യിൽ ട്രേഡുകൾ അനുവദിക്കൽ

234 (3670) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിൻ കീഴിലുള്ള ചാലക്കുടി വി.ആർ. പുരം ഗവൺമെന്റ് ഐ.ടി.ഐ.-യിൽ ഇലക്ട്രീഷ്യൻ അടക്കമുള്ള വിവിധ ട്രേഡുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) 2015 അദ്ധ്യയന വർഷത്തിൽ ഇലക്ട്രീഷ്യൻ ട്രേഡിൽ പ്രവേശനം നടത്തുന്നതിനായി അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വി.ആർ.പുരം ഐ.ടി.ഐ.-യിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ ഇലക്ട്രീഷ്യൻ ട്രേഡ് ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

പിന്നോക്ക വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം

235 (3671) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗത്തിലെ നിയമ ബിരുദധാരികൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly